


# വിചിന്തനം

ജനുവരി 2025

***അവിടന്ന് നമ്മെ സ്നേഹിച്ചു... യാതൊന്നിനും ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്നും നമ്മെ വേർപെടുത്താനാവില്ല*** (cf റോമ 8, 37,39)

2025, ഒരു ജൂബിലി വർഷത്തിലേക്കു നാം കടന്നിരിക്കുന്നു. പ്രത്യാശയുടെ തീർഥാടകർ എന്ന ആശയത്തിലൂന്നിക്കൊണ്ട് ക്രിസ്തുവിന്റെ അനന്തമായ സ്നേഹത്തെക്കുറിച്ച് ധ്യാനിക്കാൻ  ഈ ജൂബിലി വർഷം നമ്മെ ക്ഷണിക്കുന്നു. ഫ്രാൻസിസ് പാപ്പയുടെ ഏറ്റവും പുതിയ ചാക്രിക ലേഖനമായ 'ദെലിക്സിത്ത് നോസ്' ജൂബിലിയെ വിശദീകരിക്കുന്നത് റോമാക്കാർക്കുള്ള ലേഖനത്തിൽ (8, 37,39) പറയുന്ന ആഴമേറിയ സത്യത്തെ അടിസ്ഥാന പ്പെടുത്തിയാണ്. ''അവൻ നമ്മെ സ്നേഹിച്ചു. ആ സ്നേഹത്തിൽനിന്നും നമ്മെ വേർപെടുത്താൻ യാതൊന്നിനും കഴിയില്ല''. യേശുവിന്റെ തിരുഹൃദയത്തിൽ നിന്നും പുറപ്പെടുന്ന സ്നേഹം മാനവകുലത്തെ വിളിക്കുന്നത് ദൈവീകവാത്സല്യത്തിലേക്കും മാനവർക്കിടയിലെ ബന്ധത്തെക്കുറിച്ചുള്ള ആത്മപരിശോധന യിലേക്കുമാണ്.

## തിരുഹൃദയത്തിന്റെ സ്നേഹം

യേശുവിന്റെ തിരുഹൃദയം ദൈവവും മനുഷ്യനും തമ്മിലുള്ള സ്നേഹത്തിന്റെ അടയാളമാണെന്നു 'ദെലിക്സിത്ത് നോസി'ൽ ഫ്രാൻസിസ് പാപ്പാ എടുത്തുപറയുന്നു. ഈ സ്നേഹം അമൂർത്തമായ ഒന്നല്ല. മറിച്ച്, നമുക്കു സുവ്യക്തമായതും നമ്മുടെ തകർച്ചകളെയും സഹനങ്ങളെയും ആഗ്രഹങ്ങളെയും ആശ്ലേഷിക്കു ന്നതുമാണ്. ക്രിസ്തുവിന്റെ മനുഷ്യത്വത്തെപ്പറ്റി ധ്യാനിക്കുമ്പോൾ പരിശുദ്ധ പിതാവ് പറയുന്നത് സ്നേഹം ക്രിസ്തുവിനെ കുരിശിലേക്കു നയിച്ചെന്നാണ്. എന്നാൽ, കുരിശ് ഇവിടെ പരാജയത്തിന്റെ ചിഹ്നമല്ല, ത്യാഗപൂർണമായ സ്നേഹത്തിന്റെ ഏറ്റവും മഹനീയ മാതൃകയാണ്. ''ആ സ്നേഹത്തിൽനിന്ന് നമ്മെ വേർപെടുത്താൻ യാതൊന്നിനും കഴിയില്ല''. ഈ ഉറപ്പാണ് ആന്തരികവും ബാഹ്യവുമായ പ്രതിസന്ധിഘട്ടങ്ങളിൽ നമ്മെ വിശ്വാസ ത്തിൽ ജീവിക്കാൻ സഹായിക്കുന്നത്.

## ഹൃദയരഹിത ലോകം: നവീകരണത്തിനുള്ള വിളി

നിസ്സംഗരായ, സംഘർഷവും വിഭാഗീയതയും വളർത്തുന്ന ''ഹൃദയരഹിതരായ'' മനുഷ്യരുടെ എണ്ണം ഇന്നത്തെ ലോകത്തിൽ വർധിച്ചുവരുന്നതിനെക്കുറിച്ച് പാപ്പാ വ്യാകുലപ്പെടുന്നുണ്ട്. ദസ്തയേവ്സ്കിയുടെ 'ഡീമൺസ്' എന്ന നോവലിലെ കേന്ദ്ര കഥാപാത്രമായ സ്റ്റാവ്റോഗിനെ യാണ് ആധുനിക ഹൃദയരാഹിത്യത്തിന്റെ ഉദാഹരണമായി പാപ്പ ചൂണ്ടിക്കാണിക്കുന്നത്.  പ്രമുഖ തത്വചിന്തകനും ദൈവശാസ്ത്രജ്ഞനുമായ ജർമൻ വൈദികൻ റൊമാനോ ഗ്വർദീനി, സ്റ്റാവ്റോഗിനെ വിശേഷിപ്പിക്കുന്നത് അനുകമ്പ തൊട്ടുതീണ്ടാത്ത, സ്വന്തംകാര്യം മാത്രം നോക്കുന്ന, അർഥവത്തായ ബന്ധങ്ങളുണ്ടാക്കാൻ കഴിവില്ലാത്ത ഒരു വ്യക്തിയായാണ്. ഈ പശ്ചാത്തലത്തിൽ നമ്മോടുതന്നെ ഒരു ചോദ്യം ചോദിക്കാൻ മാർപാപ്പ ആവശ്യപ്പെടുന്നു, ''എനിക്ക് ഒരു ഹൃദയമുണ്ടോ?'' (ദെലിക്സിത്ത് നോസ് # 24). ഉള്ളിലേക്കു തുളച്ചുകയറുന്ന ഈ ചോദ്യം,  വിഘടിതമായ ഈ ലോകത്ത് അനുകമ്പ യോടെയും നിസ്വാർഥമായും ഐക്യത്തോടെയും ജീവിക്കാൻ നമുക്ക് എത്രത്തോളം കഴിയുമെന്നു പരിശോധി ക്കാൻ നമ്മെ വെല്ലുവിളിക്കുകയാണ്.

നമ്മുടെ രോഗാതുരമായ ഈ അവസ്ഥയ്ക്കു പരിഹാരം ദൈവകരുണയുടെ പ്രതീകമായ തിരുഹൃദയമാണ്. അനുദിന ജീവിതത്തിൽ ക്രിസ്തുവിന്റെ സ്നേഹം യാഥാർഥ്യമാക്കാനും അതുവഴി സൗഖ്യത്തിന്റെയും അനുരഞ്ജനത്തിന്റെയും കൈവഴികളാകാനും തിരുഹൃദയം നമ്മെ നിരന്തരം ക്ഷണിക്കുന്നു. ഈ സ്നേഹം ഉന്നതത്തിലേക്ക് ഒഴുകി ദൈവവുമായുള്ള ബന്ധത്തിൽ നമ്മെ നിലനിർത്തണമെന്നും എല്ലാവശങ്ങളിലേക്കും ഒഴുകി സഹജീവികളുമായി നമ്മെ ഒന്നിപ്പിക്കണമെന്നും മാർപാപ്പ ഓർമിപ്പിക്കുന്നു. (ദെലിക്സിത്ത് നോസ് # 163). സ്നേഹത്തിന്റെ ഇരുവശങ്ങളിലേക്കുമുള്ള ഈ ഒഴുക്കാണ് മാനവസമൂഹങ്ങളെ പരിവർത്തനം ചെയ്യുന്നതും പ്രത്യാശ വളർത്തുന്നതും.

## സിനഡാത്മകത: സ്നേഹത്തിൽ ഒരുമിച്ചു നടക്കാം

അടുത്തിടെ നടന്ന സിനഡാത്മകതയെക്കുറിച്ചുള്ള സിനഡ് 'ദെലിക്സിത്ത് നോസി'ന്റെ സന്ദേശങ്ങൾ പ്രതിധ്വനിക്കുന്നതായിരുന്നു. സിനഡ് എന്ന പദത്തിന്റെ ഉത്ഭവം 'സിൻ ഹോഡോസ്' (syn-hodos, ഒരുമിച്ചു നടത്തം) എന്ന ഗ്രീക്ക് വാക്കിൽനിന്നാണ്. ക്രൈസ്തവ ജീവിതത്തിന്റെ അന്തഃസത്ത ഉൾക്കൊള്ളുന്ന ഒരു വാക്കാണിത്. സിനഡാത്മകത സഭയുടെ ഘടനാപരമായ നവീകരണം മാത്രമല്ല, പരസ്പരം ശ്രവിക്കലും വിവേചന ബുദ്ധിയും  സഹവർത്തിത്വവും നിറഞ്ഞ ഒരു ആത്മീയ യാത്രയുമാണ്. ക്രിസ്തുവിന്റെ സ്നേഹത്തിൽ ഐക്യപ്പെട്ട വിശ്വാസികളുടെ കുടുംബമായ സഭയുടെ കൂട്ടായ്മയാണ് സിനഡാത്മകത പ്രതിഫലിപ്പിക്കുന്നത്.

പരസ്പരം ശ്രവിക്കുക എന്നത് സ്നേഹത്തിന്റെ പ്രവൃത്തിയാണെന്ന് മാർപാപ്പാ ഊന്നിപ്പറയുന്നു. മറ്റുള്ളവരെ കേൾക്കാൻ എളിമയും തുറവിയും, വൈവിധ്യത്തെ സ്വാഗതം ചെയ്യുന്ന മനസ്സും ഇവിടെ ആവശ്യമുണ്ട്. വിവേചനത്തിന്റെയും നിസ്സംഗതയുടെയും മതിലുകൾ തകർത്ത് ഒത്തുചേരലിന്റെ സംസ്കാരം വളർത്തിയെടുക്കാൻ ഈ സിനഡ് നമ്മെ വെല്ലുവിളിക്കുകയാണ്. അങ്ങനെ സഭ, എല്ലാവരെയും ഉൾക്കൊള്ളുന്ന, എല്ലാവരെയും വിലമതിക്കുന്ന, ആരെയും പുറകിൽ ഉപേക്ഷിക്കാത്ത ക്രിസ്തുവിന്റെ സ്നേഹത്തിന്റെ ജീവിക്കുന്ന സാക്ഷ്യമായി മാറും.

## പ്രത്യാശയുടെ തീർഥാടകർ

ജൂബിലിവർഷത്തിനായി തയാറെടുക്കുമ്പോൾ പ്രത്യാശയുടെ തീർഥാടകരാകാൻ നാം വിളിക്കപ്പെട്ടിരിക്കുകയാണ്. ഈ പ്രത്യാശ നിഷ്ക്രിയമായ തോന്നലുകളല്ല, മറിച്ച് ശുഭകരമായ  ഭാവിയെ കെട്ടിപ്പടുക്കാനുള്ള നമ്മുടെ ക്രിയാത്മകമായ പ്രതിബദ്ധതയാണ്. പ്രതിസന്ധികളെ ധൈര്യത്തോടെ തരണം ചെയ്യാൻ നമ്മെ ശക്തരാക്കുന്ന ക്രിസ്തുസ്നേഹത്തിന്റെ ഉറപ്പിലാണ് ഈ പ്രത്യാശ വേരൂന്നേണ്ടത്. നമ്മുടെ ബന്ധങ്ങളെയും കൂട്ടായ്മകളെയും ലോകത്തെത്തന്നെയും രൂപാന്തരപ്പെടുത്താനുള്ള നവീകരണ സ്രോതസ്സായി തിരുഹൃദയത്തെ കാണാൻ പ്രത്യാശ നമ്മെ ക്ഷണിക്കുകയാണ്.

## മുന്നോട്ടുള്ള വഴി

യുദ്ധങ്ങളും അസ്വസ്ഥതകളും രാഷ്ട്രീയ സംഘർഷങ്ങളുമെല്ലാം ലോകത്തെ ഭീതിയിലാഴ്ത്തുന്ന ഇക്കാലത്ത് 'ദെലിക്സിത്ത് നോസി'ന്റെ സന്ദേശം വളരെ പ്രസക്തമാണ്. മാനവകുലത്തിനേറ്റ മുറിവുകൾ സുഖപ്പെടുത്താൻ ശക്തിയുള്ള ഒരേയൊരു ഔഷധം ക്രിസ്തുവിന്റെ സ്നേഹമാണെന്നു തിരിച്ചറിഞ്ഞുകൊണ്ട് ക്രിസ്തുവിലേക്കു മടങ്ങിവരാനാണ് ജൂബിലി വർഷം നമ്മെ ആഹ്വാനം ചെയ്യുന്നത്. സിനഡാത്മകതയുടെ 'ഒരുമിച്ച് നടക്കുക' എന്ന വിളി ഉൾക്കൊണ്ട്, ഹൃദയരഹിതമായ ഈ ലോകത്തിൽ പ്രത്യാശ പരത്തുന്ന ദൈവത്തിന്റെ ഉപകരണങ്ങളായി നമുക്കു മാറാം.

തീർഥാടകരെന്ന നിലയിൽ, ഫ്രാൻസിസ് പാപ്പാ പറയുന്നപോലെ, അനുദിനം നമ്മോടുതന്നെ ഈ ചോദ്യം ചോദിക്കാം 'എനിക്ക് ഒരു ഹൃദയമുണ്ടോ?' വിശ്വാസത്തിലും പ്രത്യാശയിലും സ്നേഹത്തിലും ഒന്നായ ശിഷ്യഗണമെന്ന നിലയിൽ നാം സ്വീകരിച്ച സ്നേഹം നമുക്കു ജീവിക്കാം. അങ്ങനെ, തിരുഹൃദയ സ്പർശത്തിനായി വെമ്പൽ കൊള്ളുന്ന ഈ ലോകത്തിൽ  യഥാർഥ പ്രത്യാശയുടെ തീർഥാടകരായി നമുക്കു മാറാം.

ബിഷപ് ഡോ. അലക്സ് വടക്കുംതല

*കണ്ണൂർ രൂപതാ മെത്രാൻ. ജീസസ് യൂത്ത് ഇന്ത്യയുടെ സഭാത്മക ഉപദേഷ്ടാവ്.*

*Prepared by Jesus Youth International Formation Team.*
*Email: formation@jesusyouth.org*